തളിക്കുളം പഞ്ചായത്ത്	152
അന്തിക്കാട് പഞ്ചായത്ത്	184
പാറളം പഞ്ചായത്ത്	271
ചാഴൂർ പഞ്ചായത്ത്	160
താന്ന്യം പഞ്ചായത്ത്	337
നാട്ടിക പഞ്ചായത്ത്	72
വലപ്പാട് പഞ്ചായത്ത്	161
ചേർപ്പ് പഞ്ചായത്ത്	297
ആകെ	1634

(ബി) പുറമ്പോക്ക് ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ചും, വാണിജ്യ പ്രാധാന്യമില്ലാത്ത പുറമ്പോക്ക് ഭൂമികൾ തിട്ടപ്പെടുത്തിയും വിതരണം ചെയ്യാത്ത മിച്ചഭൂമികൾ കണ്ടെത്തിയും ബോട്ട്-ഇൻ-ലാന്റ് ആയ ഭൂമികൾ ഏറ്റെടുത്തും അന്യം നിൽപ്പ് ഭൂമി, മറ്റ് വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും ഉപയോഗമില്ലാതെ കിടക്കുന്നതുമായ ഭൂമികൾ കണ്ടെത്തിയും സംഭാവനയായി സ്വകാര്യ ഭൂമി സ്വീകരിച്ചും പദ്ധതി പ്രവർത്തനം ഊർജ്ജിതമായി നടക്കുന്നു. വാസയോഗ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തുന്നതിനായി 1-10-2014 മുതൽ 30-11-2014 വരെ സ്പെഷ്യൽ ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ചുകൊണ്ട് ഊർജ്ജിതമായ നടപടികളാണ് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നത്.

(സി) അപേക്ഷകളിൽ നിന്ന് കണ്ടെത്തിയ ഗുണഭോക്താക്കളിൽ വെങ്ങിണിശ്ശേരി വില്ലേജിലെ 28 പേർക്ക് ഒന്നാം ഘട്ടത്തിൽ പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

കരുവൻതിരുത്തി വില്ലേജ് ഓഫീസ്

221 (1278) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുവൻതിരുത്തി വില്ലേജ് ഓഫീസ് സ്വന്തമായ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യവ്യക്തി വിട്ടുതന്ന ഭൂമി ഏറ്റെടുത്തിട്ട് എത്രവർഷമായെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കരുവൻതിരുത്തി വില്ലേജ് ഓഫീസ് സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നത്.

(ബി) 4 വർഷം കഴിഞ്ഞു. 12-10-2010-നാണ് വില്ലേജാഫീസ് നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി വിട്ടുതന്ന സ്ഥലം ഏറ്റെടുത്തത്.

(സി) കരുവൻതിരുത്തി വില്ലേജ് ആഫീസ് കെട്ടിടം നിർമ്മാണത്തിനായി ലഭ്യമാക്കിയിട്ടുള്ള 24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അടങ്ങിയ ശിപാർശയിന്മേൽ, സ്മാർട്ട് വില്ലേജ് മാതൃകയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരികയാണ്.

കാലവർഷക്കെടുതി നേരിടാൻ ധനസഹായം

222 (1279) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കാലവർഷക്കെടുതി നേരിടാൻ കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചു ; വർഷാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ലഭിച്ച തുകയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിതരണ കണക്ക് ലഭ്യമാക്കുമോ ;

(സി) ഇക്കാര്യത്തിൽ കോങ്ങാട് മണ്ഡലത്തിൽ വിതരണം ചെയ്ത തുകയുടെ കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാലവർഷക്കെടുതി നേരിടാൻ കേന്ദ്ര സർക്കാർ ആകെ 650.61 കോടി രൂപ അനുവദിച്ചു. വർഷാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

വർഷം	സംസ്ഥാന ദുരന്ത പ്രതികരണ നിധി (കേന്ദ്ര വിഹിതം)	അധിക വിഹിതം	ആകെ
2011-12	103.22	109.69	212.91
2012-13	108.38	96.01	204.39
2013-14	113.81	....	113.81
2014-15	119.50	....	119.50
ആകെ	444.91	205.70	650.61

LIBRARY ARCHIVES Kerala Legislative Assembly